# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2806 — 06/02/2018 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. സബ് റീജിയണൽ ഓഫീസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | കോഴിക്കോട്, കൊല്ലം ഇ.എസ്.ഐ. സബ് റീജിയണൽ ഓഫീസുകൾ നിർത്തലാക്കുന്ന സാഹചര്യമുണ്ടോ; | (എ) | മേഖലാ ഓഫീസുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ഇപ്പോൾ ഈ രണ്ട് സെന്ററുകളുടെയും കീഴിൽ യഥാക്രമം എത്ര തൊഴിലാളികൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) | 31.03.2017 ലെ കണക്കുപ്രകാരം കോഴിക്കോട് സബ് റീജിയണൽ ഓഫീസിന്റെ കീഴിൽ 145250 ഉം കൊല്ലം സബ് റീജിയണൽ ഓഫീസിന്റെ കീഴിൽ 126800 ഉം തൊഴിലാളികൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഈ രണ്ട് സെന്ററുകളുടെയും കീഴിൽ ഏതൊക്കെ ജില്ലകളിൽ നിന്നുള്ള തൊഴിലാളികളാണ് ഉൾപ്പെടുന്നത്; | (സി) | സബ് റീജിയണൽ ഓഫീസ് കൊല്ലം: 1. കൊല്ലം 2. ആലപ്പുഴ 3. പത്തനംതിട്ട<br>സബ് റീജിയണൽ ഓഫീസ് കോഴിക്കോട്: 1. കോഴിക്കോട് 2. മലപ്പുറം 3. വയനാട് 4. കണ്ണൂർ 5. കാസർഗോഡ് |
| (ഡി) | നിലവിൽ സബ് സെന്ററുകളുടെ പ്രധാന ചുമതലകൾ എന്തൊക്കെയാണ്; | (ഡി) | സബ് റീജിയന്റെ കീഴിലുള്ള ബ്രാഞ്ച് ഓഫീസുകളുടെ മേൽനോട്ടം വഹിക്കുക, തൊഴിലാളികളുടെ ആനുകൂല്യ സംബന്ധമായ വിഷയങ്ങളിൽ തീരുമാനമെടുക്കുക, തൊഴിലുടമകളിൽ നിന്നും കോൺട്രിബ്യൂഷൻ സ്വീകരിക്കുക, റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക, ഓഫീസ് സംബന്ധമായ ഭരണപരവും സാമ്പത്തികപരവുമായ ചുമതലകൾ നിറവേറ്റുക തുടങ്ങിയവയാണ് സബ് റീജിയണൽ ഓഫീസിന്റെ പ്രധാന ചുമതലകൾ. |

| | | | |
|---|---|---|---|
| (ഇ) | സെന്ററുകൾ പൂട്ടുന്ന സാഹചര്യമുണ്ടായാൽ സ്വീകരിക്കാനുദ്ദേശിക്കുന്ന ബദൽ സംവിധാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | പൂട്ടാനുള്ള തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ ബദൽ സംവിധാനം പരിഗണിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**